| 14 | 412668 | 2989166 | 04/06/16 | 08.04.16 | 2927510 | | സ്റ്റേറ്റ്മെന്റിൽ Flow Max Water Chemicals ന് 2927510 രൂപ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. 412672 നമ്പർ ചെക്ക് പ്രകാരം ടി തുക പഞ്ചായത്തുകൾക്ക് കൈമാറി |
| 15 | 412677 | 21565097 | 19.04.16 | 20.04.16 | 2883125 | 11 ഗ്രാമപഞ്ചായത്തുകൾക്കായി തുക മാറിയിരിക്കുന്നു. | 20.04.2016-ാം തീയതിയിലെ 412677 നമ്പർ ചെക്ക് പ്രകാരം 11 ഗ്രാമപഞ്ചായത്തുകൾക്കായി 2,15,65,097 രൂപ മാറിയെങ്കിലും ഇതിൽ മണിയൂർ പരപ്പൂർ ഗ്രാമപഞ്ചായത്തുകൾക്കുള്ള 30,45,125 രൂപ (10,92,414 + 19,52,711) തുക നൽകിയിട്ടില്ല. എന്നാൽ ഈ തിയതിയിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന് 42,000/- രൂപയും 12,000/- രൂപ മാള ഗ്രാമപഞ്ചായത്തിനും നൽകിയിട്ടുണ്ട്. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ 412682 ചെക്ക് പ്രകാരം 1,03,82,776/- രൂപ നടത്തറ, പരപ്പൂർ, മേലാറ്റൂർ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് യഥാക്രമം 64,64,287/-, 29.704/-, 10,25,710/-യും M/s Polchem എന്ന സ്ഥാപനത്തിന് 28,82,125/- രൂപയും മാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Polchem-നുള്ള തുക മാറിയിട്ടില്ല 23.04.16 ന് 30,45,5125/- രൂപ മാറിയതിൽ നിന്നും പഞ്ചായത്തിലേയ്ക്ക് തുക നൽകിയതിന്റെ ചെക്ക് നമ്പർ ലഭ്യമല്ല. |

മുൻ ഖണ്ഡികയിലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങളിൽ നിന്നും ശ്രീ. പ്രവീൺകുമാർ വർഷങ്ങളായി ജലനിധിയുടെ അക്കൗണ്ടിൽ നിന്നും ധനാപഹരണം നടത്തുകയായിരുന്നു എന്നത് വ്യക്തമാണ്. ഇത്തരത്തിൽ ആകെ 6,14,00,649/- രൂപ പ്രവീൺകുമാറിന്റെ പയനിയർ ബിസിനസ്സ് സൊല്യൂഷൻസിന്റെ അക്കൗണ്ടിലേക്ക് മാറ്റിയിരിക്കുന്നു. സാമ്പത്തിക ക്രമക്കേട് മറച്ച് വയ്ക്കുന്നതിനായി ബാങ്ക് പാസ് ബുക്കും ക്യാഷ് ബുക്കും ബോധപൂർവ്വം സൂക്ഷിക്കാതിരിക്കുകയും അതിന് പകരം ബാങ്ക് സ്റ്റേറ്റ്മെന്റ് വ്യാജമായി തയ്യാറാക്കി സൂക്ഷിക്കുകയുമായിരുന്നു. വ്യാജ സ്റ്റേറ്റ്മെന്റിന് അനുസൃതമായി ചെക്ക് ഇഷ്യൂ രജിസ്റ്ററും മറ്റ് രേഖകളും തയ്യാറാക്കിവയ്ക്കുകയും ചെയ്തു. ക്രമക്കേട് നടത്തുന്നതിന്

ഉതകുന്ന തരത്തിൽ രേഖകൾ സ്വയം തയ്യാറാക്കുകയും മറ്റ് ചില പ്രധാന രേഖകൾ സൂക്ഷിക്കാതിരിക്കുകയും ചെയ്ത ടിയാന്റെ തട്ടിപ്പ് മനസിലാക്കുന്നതിനോ ക്രമക്കേട് കണ്ടെത്തി പണാപഹരണം തടയുന്നതിനോ യൂണിറ്റിന്റെ ചുമതലയുണ്ടായിരുന്ന റീജിയണൽ പ്രോജക്ട് ഡയറക്ടർ (ആർ.പി.ഡി), അക്കൗണ്ട്സ് ഓഫീസർ, മേൽനോട്ട ചുമതലയുണ്ടായിരുന്ന മറ്റ് ഉദ്യോഗസ്ഥർ, എന്നിവർക്ക് കഴിഞ്ഞിരുന്നില്ല. സ്വന്തം ചുമതല നിർവ്വഹിക്കുന്നതിൽ ബോധപൂർവ്വമോ അല്ലാതെയോ ഇവരുടെ ഭാഗത്ത് നിന്നും ഉണ്ടായ കെടുകാര്യസ്ഥതയും കൃത്യവിലോപവും ശ്രീ. പ്രവീൺകുമാർ മുതലെടുക്കുകയായിരുന്നു. ധനസംബന്ധമായ കാര്യങ്ങൾ നോക്കുന്നതിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള അക്കൗണ്ടൻസ് ഓഫീസറുടെ ചുമതലകൾ കോൺട്രാക്ട് എംപ്ലോയിയായ ശ്രീ. പ്രവീൺകുമാറിനെ ഏല്പിച്ച പ്രോജക്ട് ഡയറക്ടറുടെ നടപടി ന്യായീകരിക്കാവുന്നതല്ല. മാത്രമല്ല അദ്ദേഹത്തിന്റെ ഈ നടപടി മൂലമാണ് പ്രവീൺകുമാറിന് സാമ്പത്തിക ക്രമക്കേട് കാണിക്കുവാൻ സാഹചര്യം ലഭിച്ചത്. ബാങ്ക് അധികൃതരുടെ ഭാഗത്ത് നിന്നുള്ള നോട്ടക്കുറവും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി കാനറ ബാങ്കിലെ പ്രധാന അക്കൗണ്ടിൽ നിന്നും മാറ്റുന്ന തുകകളുടെ വിനിയോഗം സംബന്ധിച്ച പരിശോധനകൾ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയിട്ടില്ല.

### 3. ആദായ നികുതി ഈടാക്കിയത് സംബന്ധിച്ച്

റീജിണൽ പ്രൊജക്ട് ഡയറക്ടറുടെ ഓഫീസിൽ നിന്നും കരാർ,കൺസൾട്ടൻസി ഇനങ്ങളിൽ കരാറുകാരിൽ നിന്നും കൺസൾട്ടൻസി സ്ഥാപനങ്ങളിൽ നിന്നും TDS ഈടാക്കിയതായി പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.ഈ ഓഫീസുമായി യാതൊരു ബന്ധവുമില്ലാത്ത പയനിയർ ബിസിനസ്സ് സൊല്യൂഷ്യൻ എന്ന സ്ഥാപനത്തിന്റെ പേരിൽ ( ഈ സ്ഥാപനം ശ്രീ.പ്രവീൺ കുമാറിന്റെ ഉടമസ്ഥതയിലുള്ളതാണ്) 2,26,347 രൂപയും യോഗേന്ദ്ര മന്നസിംഗ് എന്നയാളുടെ പേരിൽ 9053 രൂപയും TDS അടച്ചിരിക്കുന്നതായി പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ശ്രീ പ്രവീൺ കുമാർ സ്വന്തം പേരിലുള്ള സ്ഥാപനത്തിന്റെ TDS അടയ്ക്കുന്നതിനായി ഇല്ലാത്ത കരാറുകളുടെ പേരിൽ കോടികളുടെ ബില്ലുകൾ തയ്യാറാക്കിയിരിക്കുന്നു.ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ TDS ഈടാക്കിയതിന്റെയും അടവ് വരുത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാകാത്തതിനെ തുടർന്ന് പരിശോധനാ വിഭാഗം പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്നതിന് റീജിണൽ പ്രോജക്ട് ഡയറക്ടറോട് ആവശ്യപ്പെട്ടുവെങ്കിലും വിശദമായ വകുപ്പ് തല ഓഡിറ്റ്

നടന്നുകൊണ്ടിരിക്കുകയാണെന്നും അന്വേഷണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മറുപടി സമർപ്പിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

4. ടെൻഡർ ഫോം വിൽപ്പന നടത്തിയ വകയിൽ ലഭിച്ച തുക സംബന്ധിച്ച്

ടെൻഡർ ഫോം വിൽപ്പനയിലൂടെ ലഭിച്ച ഏതാനും തുകകൾ റീജിണൽ പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിൽ അടച്ചിട്ടില്ലായെന്ന് പരിശോധനാ വിഭാഗം കണ്ടെത്തുകയുണ്ടായി. 22/8/2013 ൽ 22500 രൂപയും 2/9/2013 ൽ 72000 രൂപയും ടെൻഡർ ഫോം വിൽപ്പന നടത്തിയ വകയിൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ തുകകൾ പ്രോജക്ട് അക്കൗണ്ടിൽ അടച്ചതായുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല. ജലനിധി രണ്ടാം ഘട്ടത്തിൽ വിറ്റഴിച്ച ടെൻഡർ ഫോമിന്റെ വിലയും അക്കൗണ്ടിൽ അടവാക്കിയ തുകകളും സംബന്ധിച്ച് പരിശോധനാ വിഭാഗം വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും വിശദമായ വകുപ്പ് തല ഓഡിറ്റ് നടക്കുകയാണെന്നും അന്വേഷണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മറുപടി സമർപ്പിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

5. 1. ക്യാഷ് ബുക്ക്/ ബാങ്ക് ബുക്ക്

കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ഇടപാട് നടക്കുന്ന ഈ ഓഫീസിൽ വരവ് ചെലവ് എഴുതി സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന രേഖയായ ക്യാഷ് ബുക്ക് സൂക്ഷിച്ചിരുന്നില്ല. ബാങ്ക് ഇടപാടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താനുള്ളതും ക്യാഷ്ബുക്കിന് പകരമായി കരുതാവുന്നതുമായ ബാങ്ക് പാസ് ബുക്കും ഉണ്ടായിരുന്നില്ല. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചിരുന്ന ഒരേയൊരു രേഖ ചെക്ക് ഇഷ്യൂ രജിസ്റ്റർ ആണ്. ചെക്ക് നമ്പർ, തീയതി, തുക, ചെക്കിന്റെ ആവശ്യം, നല്കുന്നയാളിന്റെ പേര് വിവരങ്ങൾ, ആകെ തുക മുതലായവ മാത്രം രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററും ടിയാൻ തന്നെ സ്വയം തയ്യാറാക്കിയ വ്യാജ ബാങ്ക് സ്റ്റേറ്റ്മെന്റും മാത്രം ഉപയോഗിച്ചാണ് ഇത്രയും നാളും സാമ്പത്തിക ഇടപാടുകൾ ഒത്ത് നോക്കിയിരുന്നത്. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാതിരുന്ന കാര്യം റീജിണൽ പ്രോജക്ട് ഡയറക്ടർ, അക്കൗണ്ട്സ് ഓഫീസർ, ജലനിധിയുടെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ മുതലായവരുടെ ശ്രദ്ധയിൽ വന്നിരുന്നില്ല. ക്യാഷ്ബുക്ക് സൂക്ഷിക്കാതിരുന്ന ഗുരുതരമായ ഈ വീഴ്ച ഒരേ സമയം സാമാന്യ യുക്തിയ്ക്ക് നിരക്കാത്തതും സംശയാസ്പദവുമാണ്. റീജിയണൽ പ്രോജക്ട് ഡയറക്ടർ, അക്കൗണ്ടൻസ് ഓഫീസർ എന്നിവർക്ക് ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുവാൻ കഴിയില്ല. ഇവരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചു.

5. **2. ബാങ്ക് പാസ് ബുക്ക്**

ബാങ്കിടപാടുകളെ സംബന്ധിച്ചുള്ള പ്രാഥമികവും അടിസ്ഥാനപരവുമായ രേഖ ബാങ്ക് പാസ് ബുക്കാണ്. ബാങ്ക് പാസ്ബുക്കിൽ തിരുത്തലുകളും ക്രമക്കേടും വരുത്തുക താരതമ്യേന പ്രയാസകരമാണ്. ഇക്കാര്യം മനസിലാക്കി ബാങ്ക് പാസ് ബുക്കിന് പകരം ഇവിടെ സ്റ്റേറ്റ്മെന്റ് ആണ് സൂക്ഷിച്ചിരുന്നത്. അക്കൗണ്ടന്റ് കൃത്രിമമായി തയ്യാറാക്കിയ പ്രസ്തുത സ്റ്റേറ്റ്മെന്റ് ആയിരുന്നു ഈ ഓഫീസിൽ നടന്ന മുഴുവൻ സാമ്പത്തിക ഇടപാടുകളുടെയും അടിസ്ഥാന രേഖ ക്രമക്കേടിന്റെ വിവരം പുറത്ത് വരുന്നത് വരെ ഈ സ്റ്റേറ്റമെന്റ് കൃത്രിമമാണെന്ന് മനസിലാക്കുവാൻ ഉത്തരവാദപ്പെട്ട ആർക്കും കഴിഞ്ഞിരുന്നില്ല, അല്ലെങ്കിൽ മനസ്സിലായതായി ഭാവിച്ചില്ല. നെറ്റ് ബാങ്കിംഗ് മുഖേനയോ ബാങ്കിൽ നിന്നും ഒരു സ്റ്റേറ്റമെന്റ് വാങ്ങിയോ അക്കൗണ്ടിൽ നിന്നുള്ള ഇടപാടുകൾ ഒത്ത് നോക്കിയിരുന്നുവെങ്കിൽ ധനാപഹരണം തുടങ്ങിയ സമയത്ത് തന്നെ കണ്ടെത്താനാകുമായിരുന്നു. ഇത്രയും നാളും ക്രമക്കേട് കണ്ടെത്താതിരുന്നതിൽ നിന്നും റീജിണൽ പ്രോജക്ട് ഡയറക്ടർ, അക്കൗണ്ട്സ് ഓഫിസർ, ജലനിധിയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വിവിധ ആഡിറ്റ് സംഘങ്ങൾ എന്നിവരാരും തന്നെ ഇത്തരത്തിൽ കണക്കുകൾ പരിശോധിച്ചിരുന്നില്ല എന്ന കാര്യം വ്യക്തമാണ് അക്കൗണ്ടിൽ നിന്നുള്ള സാമ്പത്തിക ഇടപാടുകളുടെ വിശദാംശങ്ങൾ യഥാവിധി ഒത്ത് നോക്കുന്നതിന് പകരം അക്കൗണ്ടന്റ് ലഭ്യമാക്കിയ വ്യാജമായ കണക്കുകളും രേഖകളും പരിശോധിച്ച് അംഗീകരിച്ച് കൊടുത്തവരുടെ ഭാഗത്ത് നിന്നുണ്ടായ കൃത്യവിലോപവും വീഴ്ചയും മാപ്പർഹിക്കാത്തതാണ്.

5. **3. ചെക്ക് ഇഷ്യൂ രജിസ്റ്റർ**

ചെക്ക് ഇഷ്യൂ രജിസ്റ്ററിനേയും കൃത്രിമമായി തയ്യാറാക്കി വച്ചിരുന്ന സ്റ്റേറ്റ്മെന്റിനെയും അടിസ്ഥാനമാക്കിയായിരുന്നു ഈ ഓഫീസിലെ മുഴുവൻ സാമ്പത്തിക ഇടപാടുകളും അതിന്മേലുള്ള പരിശോധനകളും നടന്നിരുന്നത്. എന്നാൽ മറ്റ് രേഖകളെപ്പോലെ തന്നെ ചെക്ക് ഇഷ്യൂ രജിസ്റ്ററും ക്രമം തെറ്റിച്ചായിരുന്നു സൂക്ഷിച്ചിരുന്നത്. ചെക്കുകൾക്ക് തുടർച്ചയായ സീരിയൽ നമ്പർ ഇടുന്നതിന് പകരം ഓരോ മാസവും പുതിയ നമ്പർ ആരംഭിക്കുകയായിരുന്നു. പണാപഹരണം നടത്തുന്നതിനും കൃത്രിമമായി തയ്യാറാക്കി വച്ചിരുന്ന സ്റ്റേറ്റ്മെന്റിലെ കണക്കുകൾ റ്റാലിയാക്കുന്നതിനുമായി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ നടത്തിയ ക്രമക്കേടുകളുടെ വിശദമായ വിവരങ്ങൾ മുൻ ഖണ്ഡികകളിൽ രേഖപ്പെടുത്തിയിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. **4. അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ**

ആർ.പി.ഡി., അക്കൗണ്ട്സ് ഓഫീസർ, എന്നിവർക്ക് പുറമെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ആയ ടാലി ഓപ്പറേറ്റ് ചെയ്യുന്നതിന് RPMU തലത്തിൽ അനുവദമുണ്ടായിരുന്നത് അക്കൗണ്ടന്റ് ശ്രീ. പ്രവീൺകുമാറിന് മാത്രമായിരുന്നു. അതേ സമയം തന്നെ പഞ്ചായത്ത് ഓഫീസുകളിൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന സ്റ്റാഫുകൾക്കും സോഫ്റ്റ് വെയറിൽ പ്രവേശനമുണ്ടായിരുന്നു. സാധാരണ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുകളിൽ ഉള്ള സുരക്ഷാമാർഗ്ഗങ്ങൾ ഒന്നും ഇവിടെ സ്വീകരിച്ചിരുന്നില്ല. സോഫ്റ്റ് വെയറിൽ തെറ്റ് തിരുത്തുവാൻ ഉണ്ടായിരുന്ന സൗകര്യം ദുരുപയോഗം ചെയ്ത് എൻട്രികൾ ആവശ്യാനുസരണം തിരുത്തുവാനും, മായ്ക്കുവാനും ശ്രീ. പ്രവീൺകുമാറിന് സാധിച്ചിരുന്നു. ബാക്ക് എൻട്രികൾ സ്ഥായിയായി മായിച്ച് കളയുവാൻ സോഫ്റ്റ് വെയറിൽ ഉണ്ടായിരുന്ന സൗകര്യമാണ് ഇക്കാര്യത്തിൽ ടിയാനെ സഹായിച്ചത്. 2013-14 കാലഘട്ടത്തിലെ കണക്കുകൾ ആഡിറ്റ് ചെയ്ത വേളയിൽ ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടുകളും റീജിണൽ പ്രോജക്റ്റ് ഡയറക്റ്ററേറ്റിലെ അക്കൗണ്ടുകളും ടാലിയാവാതെ വന്നത് ആഡിറ്റർമാർ ശ്രദ്ധയിൽ പെടുത്തിയപ്പോൾ ഇത്തരത്തിൽ ബാക്ക് എൻട്രി നടത്തി ശ്രീ. പ്രവീൺകുമാർ കണക്കുകൾ ശരിയാക്കിയതായി കാണുന്നുണ്ട്. ഈ ക്രമക്കേട് ശ്രദ്ധയിൽ പെട്ടിട്ടും ആയത് ഗൗരവത്തോടെ എടുക്കുവാനും സോഫ്റ്റ് വെയറിൽ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ സ്വീകരിക്കുവാനും ബന്ധപ്പെട്ടവർ കാണിച്ച അലംഭാവം ആണ് ടിയാൻ മുതലെടുത്തത്. സുരക്ഷാമാനദണ്ഡം പാലിക്കാത്ത അക്കൗണ്ടിംഗ് സോഫ്റ്റ് വെയറും ഇക്കാര്യത്തിലുള്ള ജലനിധി അധികൃതരുടെ അനാസ്ഥയും അക്കൗണ്ടിൽ നിന്നും ആവശ്യാനുസരണം പണാപഹരണം നടത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

6. **ഡയറക്റ്റ് പേയ്മെന്റ് സംവിധാനം**

വിവിധ പ്രോജക്റ്റുകൾ നിർവ്വഹിക്കുന്നതിനായി ഹെഡ് ഓഫീസിൽ നിന്നും റീജിയണൽ യൂണിറ്റുകൾക്ക് അനുവദിക്കുന്ന തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും പഞ്ചായത്ത് മുഖേന പ്രോജക്റ്റുകൾ നടപ്പിലാക്കുകയുമാണ് പതിവ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി അയൺ റിമൂവബിൾ പ്ലാന്റ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്ന കരാറുകാർക്കുള്ള തുക, കൺസൾട്ടൻസി ചാർജ്ജുകൾ മുതലായവ റീജിയണൽ ഓഫീസിൽ നിന്നും നേരിട്ട് അനുവദിക്കുന്ന ഡയറക്റ്റ് പേയ്മെന്റ് സംവിധാനമായിരുന്നു മലപ്പുറം ഓഫീസിൽ പിൻതുടർന്നിരുന്നത്. പഞ്ചായത്തുകൾ മുഖേന പദ്ധതി നടപ്പാക്കുകയാണെങ്കിൽ തുക

അനുവദിക്കുന്നതിന് മുമ്പ് നിശ്ചയിച്ച് നൽകിയ ജോലി കരാറുകാർ കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോ, പദ്ധതി പൂർണമായും പ്രയോജന പ്രദമാണോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ കഴിയുന്നതാണ്. എന്നാൽ ഇക്കാര്യങ്ങൾ പരിഗണിക്കാതെയും അംഗീകൃത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും, നിർവ്വഹണ ഏജൻസികൾക്ക് കൈമാറേണ്ട തുക യഥാവിധി കൈമാറാതെ സ്വന്തം നിലയ്ക്ക് സാമ്പത്തിക ഇടപാടുകൾ നടത്തിക്കൊണ്ടിരുന്ന മേഖലാ ഓഫിസർമാരുടെ ക്രമവിരുദ്ധമായ നടപടിയാണ് ഇവിടെ നടന്ന സാമ്പത്തിക ക്രമക്കേടിന്റെ മൂലക്കല്ല്. നിലവിലില്ലാത്ത പ്രോജക്ടുകളുടെ പേരിൽ വ്യാജ രേഖകൾ ചമച്ചതിന് ശേഷം പദ്ധതികൾ നടപ്പിലാക്കിയ ഏജൻസികൾക്ക് നൽകണമെന്ന് കാണിച്ച് തുക മാറിയെടുക്കുകയായിരുന്നു. വസ്തുത പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് ഇവിടെ ആർ.പി.ഡി.യും അക്കൗണ്ട്സ് ഓഫീസറും തുക അനുവദിച്ചത്.

## 7. ഇന്റേണൽ ഓഡിറ്റ് സംവിധാനത്തിലെ ഗുരുതര വീഴ്ച

എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഓഫീസിൽ നിന്നും ജലനിധി രണ്ടാം ഘട്ടം സംബന്ധിച്ച് മലപ്പുറം റീജിണൽ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ നടത്തിയ ഇന്റേണൽ ഓഡിറ്റുകളും ഓഡിറ്റിൽ സംബന്ധിച്ച ഉദ്യോഗസ്ഥരും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് ടീമിലെ ഉദ്യോഗസ്ഥർ |
|---|---|---|
| 24/04/14 - 26/4/2014 | 22/12/2011- 31/3/13 | രമ ദേവസ്സി (കൺസൾട്ടന്റ് പ്രോജക്ട്)<br>രഞ്ചി ഫിലിപ്പ്, ദീപ എസ്സ് (അക്കൗണ്ടന്റ്) |
| 26/8/14- 29/8/14 | 1-4-2013 - 31-3-14 | & Director Finance & Administration (Head) |
| 1-07-2015- 3-07-2015 | 1-4-2013- 31-3-14 | ശ്രീ.പി.ആർ സുരേഷ് കുമാർ ( ഡെപ്യൂട്ടി ഡയറക്ടർ ഫിൻ & അഡ്മിൻ)<br>ശ്രീ.ഗോപിനാഥൻ നായർ (സീനിയർ അക്കൗണ്ടന്റ്)<br>രഞ്ചി ഫിലിപ്പ്, ദീപ എസ്സ് (അക്കൗണ്ടന്റ്) |
| 1-07-2015 4-07-2015 | 1-04-2014 31-03-2015 | ,, |

മലപ്പുറം ജില്ലയിലെ റീജിണൽ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ നിന്നും പഞ്ചായത്തുകൾക്ക് നൽകിയ തുകകൾ സംബന്ധിച്ച് ഓഡിറ്റ് നടത്തി തയ്യാറാക്കിയ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന നാല് ഓഡിറ്റ് റിപ്പോർട്ടുകളും പരിശോധനാ വിഭാഗം പരിശോധിക്കുകയുണ്ടായി. ഈ നാല് ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ ഓഫീസിൽ നടന്ന ധനാപഹരണം സംബന്ധിച്ച് യാതൊരു പരാമർശങ്ങളും

ഇല്ല. വൗച്ചറുകൾ പരിശോധിച്ചതായി ആഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 2012 ൽ IRP പ്ലാന്റ് ജലനിധി പദ്ധതിയിൽ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇതിന്റെ വൗച്ചറുകൾ ആഡിറ്റ് സംഘം പരിശോധിച്ചിരുന്നുവെങ്കിൽ പ്രവീൺകമാറിന്റെ വെട്ടിപ്പ് കണ്ടെത്താമായിരുന്നു. ആയതിനാൽ വൗച്ചറുകൾ പരിശോധിച്ച ഉദ്യോഗസ്ഥർക്ക് ഈ ക്രമക്കേടിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാൻ കഴിയില്ല. ജല നിധിയുടെ ഓഡിറ്റ് സംവിധാനത്തിലെ ഗുരുതരമായ ഈ വീഴ്ചയാണ് പ്രവീൺകമാറിന്റെ പണാപഹരണത്തിന് ഒരു കാരണമായത്.

## 8. റീജിണൽ പ്രോജക്റ്റ് ഡയറക്ടർമാരുടെയും അക്കൗണ്ട്സ് ഓഫീസറുടെയും വീഴ്ചകൾ

കെ.ആർ.ഡബ്ല്യു.എസ്സ്.എയുടെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്രകാരം അക്കൗണ്ട്സ് ഓഫീസർ,ധനകാര്യ മാനേജ്മെന്റ് സംബന്ധിച്ച് എല്ലാ കാര്യങ്ങളും നിർവഹിക്കുന്നതിന് റീജിണൽ പ്രോജക്റ്റ് ഡയറക്ടറെ സഹായിക്കേണ്ടതാണ്.ക്യാഷ് ബുക്ക് ചെക്ക് ബുക്ക്,ബാങ്ക് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കേണ്ടത് അക്കൗണ്ട്സ് ഓഫീസറുടെ കർത്തവ്യമാണ്.എന്നാൽ ഈ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിരുന്നത് കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.പ്രവീൺ കുമാർ ആയിരുന്നു.റീജിണൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ധനാപഹരണം നടന്ന കാലഘട്ടത്തിലെ റീജിണൽ മാനേജർമാർ അക്കൗണ്ട്സ് ഓഫീസർ എന്നിവരുടെ പേരുകളും സേവന കാലയളവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ശ്രീ.പി.ആർ നരേന്ദ്രനാഥ് | റീജിണൽ പ്രോജക്റ്റ് ഡയറക്ടർ | 18/8/2011 | - 31/5/2015 |
| ശ്രീ.അബ്ദുൾ ലത്തീഫ് | " | 1/6/2015 | - 20/2/2017 |
| ശ്രീ. സി ജയചന്ദ്രൻ | അക്കൗണ്ട്സ് ഓഫീസർ | 30/3/2013 | -24/3/2017 |

ധനാപഹരണം നടക്കുന്നതിന് പ്രഥമവും പ്രധാനവുമായ കാരണം അക്കൗണ്ടസ് ഓഫീസറായ ശ്രീ. സി ജയചന്ദ്രൻ തന്റെ കർത്ത്യവ്യം നിറവേറ്റാതിരുന്നതാണ്.അക്കൗണ്ട്സ് ഓഫീസർ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കരാർ അടിസ്ഥാനത്തിൽ നിയമിതനായ ഒരു ജീവനക്കാരൻ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടികൾ ഈ കാലഘട്ടത്തിലെ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് പ്രോജക്റ്റ് ഡയറക്ടർമാരും സ്വീകരിച്ചിട്ടില്ല.

## 9. ജലനിധി ഒന്നാം ഘട്ടത്തിൽ നടന്ന ധനാപഹരണം

ജലനിധി ഒന്നാംഘട്ടത്തിൽ ഡിസ്ട്രിക് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ കാലാവധിക്ക് ശേഷം യൂണിറ്റുകൾ അടയ്ക്കുകയും സാമ്പത്തിക കാര്യങ്ങൾ എല്ലാം പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, തിരുവനന്തപുരം കൈകാര്യം ചെയ്യുകയും ചെയ്തു. ഇക്കാലയളവിൽ പ്രവീൺകമാർ മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലെ

അക്കൗണ്ടുകൾ തിരുവനന്തപുരത്തു നിന്നും കൈകാര്യം ചെയ്യു. ഈ രേഖകൾ മലപ്പുറം റീജിയണൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും പരിശോധന വിഭാഗം കണ്ടെടുക്കുകയും പരിശോധിക്കുകയും ചെയ്യു.

മലപ്പുറം ഡിസ്ട്രിക് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ 57065253681 നമ്പർ അക്കൗണ്ടിന്റെ 01/04/2009 മുതൽ 31/05/2010 വരെയും 03.05.11 മുതൽ 19.05.12 വരെയുമുള്ള കാലഘട്ടങ്ങളിലെ ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി, 21/4/2009 മുതൽ 21/3/2012 വരെയുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററിന്റെ പകർപ്പ്, പാലക്കാട്, തൃശ്ശൂർ ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ 12/1/2009 മുതൽ 8/2/2012 വരെയുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ശ്രീ.പ്രവീൺ കുമാർ പി, ശ്രീമതി. ദീപ കെ.പി (ഭാര്യ) എന്നിവരുടെ പേരിലുള്ള 854851381 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് മലപ്പുറം, പാലക്കാട്, ഡിസ്ട്രിക് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകളുടെ അക്കൗണ്ടുകളിൽ നിന്നും തുകകൾ മാറ്റിയതായി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തീയതി | ചെക്ക് നം. | തുക | ആവശ്യകത ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം | 854854381 നമ്പർ അക്കൗണ്ടിൽ ലഭിച്ച തീയതി |
|---|---|---|---|---|
| 03/11/09 | 325839 | 459067 | (Your Self DD) Retention money released | 06/01/09 |
| 14/12/09 | 325858 | 549350 | „ CWSS Batch III | 21/12/2009 |
| 14/12/09 | 325862 | 15701 | „ Renovation to LW Sl. No.29 to 31 | 21/12/09 |
| 29/01/10 | 325878 | 249668 | „ Towards payment of retention money | 01/02/10 |
| 30/03/10 | 325898 | 34547 | „ Remittance of IT on work | 05/04/10 |
| 07/01/12 | 30357 | 793195 | „ Release of retention money | 13/01/12 |
| 16/08/10 | 94626 | 65968 | „ Remittance of VAT | 26/08/10 |
| 16/08/10 | 94627 | 13629 | „ Remittance of IT on work | 18/09/10 |
| 14/02/11 | 94629 | 488827 | „ Release of retention money | 14/02/11 |
| 25/05/11 | 94633 | 40017 | „ Remittance of VAT | 31/05/11 |
| 25/05/11 | 94634 | 22481 | „ Remittance of IT on work | 13/06/11 |

| | | | | |
|---|---|---|---|---|
| 01/12/11 | 41308 | 956536 | Secretary Panacherry Gramapanchayat | 02/12/11 |
| 21/03/12 | 30362 | 128049 | „ Release of GOK share | 29/03/12 |
| 28/03/12 | 30366 | 605437 | „ Release of Retention money | 29/03/12 |
| ആകെ | | 44,22,472 | | |

ജലനിധി ഒന്നാം ഘട്ടത്തിലെ ഒരു ചെറിയ കാലയളവിലെ രേഖകൾ പരിശോധനാ വിധേയമാക്കിയപ്പോൾ തന്നെ 44,22,472 രൂപ ശ്രീ. പ്രവീൺ കുമാർ, ശ്രീമതി. ദീപ കെ.പി എന്നിവരുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. ഗുരുതരമായ ക്രമക്കേട് ജലനിധി ഒന്നാം ഘട്ടത്തിലും നടന്നതായി കണ്ടെത്തിയതിനെ തുടർന്ന് പരിശോധനാ വിഭാഗം ജലനിധി ഒന്നാം ഘട്ടത്തിന്റെ ക്യാഷ് ബുക്ക്, ചെക്ക് മെമ്മോ രജിസ്റ്റർ, ബാങ്ക് പാസ്സ് ബുക്ക്, ചെക്ക് ബുക്കുകൾ എന്നിവ പരിശോധനക്കായി ആവശ്യപ്പെട്ടുവെങ്കിലും ഒന്നാം ഘട്ടത്തിലെ രേഖകളുടെ നടത്തിപ്പ് റീജിണൽ പ്രോജക്റ്റ് ഡയറക്ടറെ ഏൽപ്പിച്ചിട്ടില്ലായെന്നും ധനകാര്യ പരിശോധനാ വിഭാഗം ഒന്നാം ഘട്ടത്തിലെ വിവരങ്ങൾ ആവശ്യപ്പെട്ട അന്വേഷണ കുറിപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ടി ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിലവിലെ റീജിണൽ പ്രോജക്റ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.ഒന്നാം ഘട്ടത്തിലെ രേഖകളുടെ സൂക്ഷിപ്പ് പ്രോജക്റ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടില്ലായെങ്കിലും പെരിന്തൽമണ്ണയിൽ സൂക്ഷിച്ചിരിക്കുന്ന ഒന്നാം ഘട്ടത്തിലെ രേഖകൾ/രജിസ്റ്ററുകൾ/ഫയലുകൾ എന്നിവ അടിയന്തിരമായി പരിശോധനാ വിധേയമാക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടറോട് അഭ്യർത്ഥിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് റീജിയണൽ പ്രോജക്റ്റ് ഡയറക്ടർ ചാർജ്ജുണ്ടായിരുന്ന വ്യക്തിക്ക് സാധിക്കുമായിരുന്നുവെന്നത് സുവ്യക്തമാണ്.ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാത്തതിൽ നിന്നും റീജിണൽ ഡയറക്ടർ ഓഫീസിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് അതാതു കാലഘട്ടങ്ങളിലെ പ്രോജക്റ്റ് ഡയറക്ടർമാർ നിസ്സംഗത പാലിക്കുന്നുവെന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

## II. <u>പ്രധാന കണ്ടെത്തലുകൾ</u>

1. ഡയറക്റ്റ് പേയ്മെന്റ് സംവിധാനത്തിലെ പോരായ്മകൾക്കൊപ്പം മേലുദ്യോഗസ്ഥരുടെയും മറ്റ് ചുമതലപ്പെട്ടവരുടെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപവും വീഴ്ചയും മുതലെടുത്താണ് ജലനിധിയുടെ മലപ്പുറം റീജിയണൽ

ഓഫീസിൽ നിന്നും 6,14,00,649/- രൂപ അക്കൗണ്ടന്റായിരുന്ന ശ്രീ. പ്രവീൺകുമാർ സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയത്.

2. അക്കൗണ്ടന്റായിരുന്ന ശ്രീ. പ്രവീൺകുമാറിന്റെയടക്കം പേരിൽ നൽകിയിരിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ വഴിയും ടിയാന്റെ പേരിൽ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനത്തിന്റെ പേരിലേയ്ക്ക് RTGS മുഖേന തുക പ്രവീൺകുമാറിന്റെ അക്കൗണ്ടിലേക്ക് മാറ്റിയുമാണ് പണാപഹരണം നടത്തിയിരിക്കുന്നത്.

3. തുക മാറുന്നതിനായി ബാങ്കിൽ നല്കിയിരിക്കുന്ന ഡി.ഡി.കളിലും, ചെക്കുകളിലും അതാത് കാലയളവിലെ ആർ.പി.ഡി.മാരും അക്കൗണ്ട്സ് ഓഫീസർമാരും ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതായാണ് കാണുന്നത്.

4. പ്രോജക്റ്റ് പഞ്ചായത്തുകളിൽ IRP പദ്ധതി പൂർത്തിയായതായുള്ള വ്യാജ റെക്കോർഡുകൾ തയ്യാറാക്കിയാണ് നിർവ്വഹണ ഏജൻസിയുടെ പേരിൽ തുക മാറിയിരിക്കുന്നത്. കുടിവെള്ളപദ്ധതിയുടെ ആരംഭത്തിൽ തന്നെ IRP പ്ലാന്റുകൾ സ്ഥാപിക്കേണ്ട ആവശ്യകത നിലവിലില്ലെന്ന് വ്യക്തമാണ്. വസ്തുത പരിശോധിച്ച് ഉറപ്പ് വരുത്താതെ തുക അനുവദിച്ചതിനും ശ്രീ. പ്രവീൺകുമാറിന്റെ പേരിൽ തന്നെ ഡി.ഡി. നല്കുന്നതിന് ബാങ്കിന് ശുപാർശ നല്കിയതിനും മേൽനോട്ട കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ അക്കാലയളവുകളിൽ ചുമതല വഹിച്ചിരുന്ന റീജിണൽ പ്രോജക്റ്റ് ഡയറക്ടർമാർ ആയിരുന്ന ശ്രീ.പി.ആർ നരേന്ദ്ര ദേവ്, ശ്രീ. അബ്ദുൾ ലത്തീഫ്, അക്കൗണ്ട്സ് ഓഫീസറായ ശ്രീ. സി ജയചന്ദ്രൻ എന്നിവർ തുല്യ ഉത്തരവാദികളാണ്.

5. RTGS ചെക്കുകൾക്കൊപ്പം, തുക നൽകേണ്ട അക്കൗണ്ടുകളുടെ വിശദാംശങ്ങൾ കാണിച്ച്, ബാങ്കിന് നൽകിയ കത്തുകളിൽ ശ്രീ. പ്രവീൺകുമാറാണ് ആർ.പി.ഡി ഡയറക്ടർക്ക് വേണ്ടി ഒപ്പിട്ടിരിക്കുന്നത്. ഈ കത്തുകൾ കണക്കിലെടുത്താണ് ബാങ്കിൽ നിന്നും വിവിധ അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസഫർ ചെയ്തിരിക്കുന്നത്. ചെക്കുകളിൽ വ്യാജ ഒപ്പാണ് പ്രവീൺകുമാർ ഇട്ടതെങ്കിൽ ബാങ്കിന് നൽകുന്ന കത്തിലും വ്യാജ ഒപ്പ് ഇടാമായിരുന്നു.

6. ഫോർ വച്ച് ഒപ്പിട്ട കത്ത് പ്രകാരം ലക്ഷക്കണക്കിന് രൂപയുടെ ട്രാൻസാക്ഷൻ ബാങ്ക് നടത്താൻ പാടില്ലാത്തതായിരുന്നു. ചെക്കിൽ ഒപ്പിട്ട വ്യക്തികൾ തന്നെ നല്കുന്ന

കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ RTGS ട്രാൻസാക്ഷൻ നടത്താൻ പാടുള്ളൂ. ആയതിനാൽ കാനറാ ബാങ്കിനും ഈ ക്രമക്കേടിൽ പങ്കുളളതായി സംശയിക്കേണ്ടിയിരിക്കുന്നു.

7. ജലനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും മലപ്പുറം റീജിണൽ ഓഫീസിൽ നടത്തിയ ഓഡിറ്റുകൾ [illegible] എല്ലാം ~~തന്നെ വെറും~~ പ്രഹസനങ്ങളായിരുന്നു. ഈ കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഒന്നിൽപോലും ഈ ഓഫീസിൽ നടന്ന ഒരു ധനാപഹരണം പോലും റിപ്പോർട്ട് ചെയ്തിട്ടില്ല. വൗച്ചറുകൾ പരിശോധിച്ചതായി റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും വൗച്ചറുകൾ പരിശോധിച്ചതായി കാണുന്നില്ല. വൗച്ചറുകൾ പരിശോധിച്ചിരുന്നുവെങ്കിൽ ക്രമക്കേട് ആദ്യം തന്നെ കണ്ടെത്താമായിരുന്നു.

8. മലപ്പുറത്തെ ജലനിധി ഓഫീസിൽ സാമ്പത്തിക രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ലായിരുന്നു. ഇത് ആഡിറ്റ് ടീമോ, മറ്റ് ഓഫീസർമാരോ ശ്രദ്ധിച്ചില്ല. ബാങ്കിൽ നിന്നും യഥാർത്ഥ സ്റ്റേറ്റ്മെന്റ് ഒരു ഉദ്യോഗസ്ഥനോ, ആഡിറ്റ് ടീമോ ആവശ്യപ്പെട്ടിരുന്നില്ല.

9. ലഭ്യമായ രേഖകളിൽ നിന്നും ജലനിധി പ്രോജക്റ്റിന്റെ ഒന്നാം ഘട്ടത്തിൽ ജലനിധി അക്കൗണ്ടുകളിൽ നിന്നും 44,22,472/- രൂപ അക്കൗണ്ടന്റായ ശ്രീ.പ്രവീൺ കുമാർ പി, ശ്രീമതി. ദീപ കെ.പി (പ്രവീൺകുമാറിന്റെ ഭാര്യ) എന്നിവരുടെ ഇൻഡ്യൻ ബാങ്കിലെ വ്യക്തിഗത അക്കൗണ്ടിലേക്ക് അനധികൃതമായി മാറ്റിയിട്ടുണ്ട്.

10. മലപ്പുറം റീജിണൽ പ്രോജക്ട് ഓഫീസുമായി ബന്ധമില്ലാത്ത സ്ഥാപനങ്ങൾക്കുവേണ്ടി വ്യാജമായി ബില്ലുകൾ തയ്യാറാക്കി 2,35,400 രൂപ TDS അടച്ചിരിക്കുന്നു (ലഭ്യമായ രേഖകൾ പ്രകാരം).

11. ടെൻഡർ ഫോം വിൽപ്പനയിലൂടെ ലഭിച്ച ഏതാനും തുകകൾ റീജിണൽ പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിൽ അടവു വരുത്തിയിട്ടില്ല (94,500/- രൂപ, ലഭ്യമായ രേഖകൾ പ്രകാരം).

12. ജലനിധി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയും ശ്രീ. പ്രവീൺകുമാറിന്റെ കോൺട്രാക്ട് സേവനം അവസാനിപ്പിച്ചിട്ടുള്ളതും, ഒരു പോലീസ് കേസ് മലപ്പുറം പോലീസ് സ്റ്റേഷനിൽ രജിസ്റ്ററും ചെയ്തിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ അക്കൗണ്ടിൽ നിന്നും തുക നല്കിയതായി കണ്ടെത്തിയ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ സെക്രട്ടറി ശ്രീ. ലക്ഷ്മിയേയും സർവ്വീസിൽ നിന്നും നീക്കിയിട്ടുണ്ട്.

13. ധനാപഹരണം നടത്തുന്നതിന് പ്രഥമവും പ്രധാനവുമായ കാരണം അക്കൗണ്ടന്റ്സ് ഓഫീസറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അക്കൗണ്ട് ജനറൽ ഓഫീസിൽ നിന്ന് വന്ന ശ്രീ. ജയചന്ദ്രൻ തന്റെ കർത്തവ്യം നിറവേറ്റാതിരുന്നതാണ്. ഇദ്ദേഹം ചെയ്യേണ്ട ജോലികൾ കരാറിടസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. പ്രവീണിനെ കൊണ്ട് ചെയ്യിച്ച് റീജിയണൽ പ്രോജക്ട് ഡയറക്ടർമാരായിരുന്ന ശ്രീ. നരേന്ദ്രദേവ്, ശ്രീ. അബ്ദുൾ ലത്തീഫ് എന്നിവർ കുറ്റക്കാരാണ്. ഇവർക്കെതിരെ ഒരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല.

14. ശ്രീ. പ്രവീൺകുമാറിന്റെ സെപ്റ്റംബർ 2009 ന് മുൻപുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ധനപരിശോധനവിഭാഗത്തിന് ലഭിച്ചില്ല. പ്രവീൺകുമാർ ജലനിധിയിൽ നിന്നും അപഹരിച്ച തുകകൾ എങ്ങിനെ വിനിയോഗിച്ചുവെന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

III **ശുപാർശകൾ**

1. മുൻ ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്ന ക്രമക്കേടുകൾ നടന്ന രീതികളും ക്രമക്കേടുകളിലേക്ക് നയിച്ച സാഹചര്യങ്ങളും പരിശോധിച്ചാൽ മേലുദ്യോഗസ്ഥരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടാതെ ഒരു അക്കൗണ്ടന്റിന് മാത്രമായി വളരെ ദീർഘകാലം ക്രമക്കേട് തുടരാൻ കഴിഞ്ഞിരുന്നു എന്ന് വിശ്വസിക്കുക പ്രയാസമാണ്. 6.61 കോടിയിൽ പരം രൂപയാണ് അപഹരിക്കപ്പെട്ടിട്ടുള്ളത്. (ഒന്നാംഘട്ടത്തിൽ 6,14,00,649/-, രണ്ടാംഘട്ടത്തിൽ - 44,22,472/- ജലനിധിയുമായി ബന്ധമില്ലാത്ത കമ്പനിക്ക് TDS അടച്ചത് 2,35,400/- ടെൻഡർ ഫോം വിറ്റുവരവ് ജലനിധി അക്കൗണ്ടിൽ അടയ്ക്കാത്ത 94,500/-, ആകെ 6,61,53,021/-). ഈ സാഹചര്യത്തിൽ ജലനിധിയുടെ മലപ്പുറം റീജിയണൽ പ്രോജക്ട് ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടിന്റെ ഉള്ള് കള്ളികൾ പൂർണ്ണമായും പുറത്ത് കൊണ്ട് വരുന്നതിനായി സി.ബി.ഐ അല്ലെങ്കിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തലത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റവാളികളെ ശിക്ഷിക്കുന്നതിനും നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനും ഉടൻ നടപടി ഭരണവകുപ്പ്

സ്വീകരിക്കേണ്ടതാണ് (നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പോലീസ് കേസ് അപര്യാപ്തവും കാര്യക്ഷമവുമല്ല).

2. കെ.ആർ.ഡബ്ല്യു.എസ്സ്.എ യുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രകാരം ക്യാഷ് ബുക്ക്, ചെക്ക് ബുക്ക്,ബാങ്ക് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കേണ്ടത് ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ അക്കൗണ്ട്സ് ഓഫീസറുടെ കർത്തവ്യമായിരുന്നുവെങ്കിലും ഈ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിരുന്നത് കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.പ്രവീൺ കുമാർ ആയിരുന്നു.ധനാപഹരണം നടക്കുന്നതിന് പ്രഥമവും പ്രധാനവുമായ കാരണം അക്കൗണ്ടസ് ഓഫീസറായ ശ്രീ. സി ജയചന്ദ്രൻ തന്റെ ജോലി കൃത്യമായി ചെയ്യാതിരുന്നതാണ്. അക്കൗണ്ട്സ് ഓഫീസർ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കരാർ അടിസ്ഥാനത്തിൽ നിയമിതനായ ഒരു ജീവനക്കാരൻ തയ്യാറാക്കുന്നതും സൂക്ഷിക്കുന്നതും തടയുന്നതിനാവശ്യമായ നടപടികൾ റീജിണൽ പ്രോജക്ട് ഡയറക്ടർമാരായിരുന്ന ശ്രീ.പി. ആർ നരേന്ദ്ര ദേവ്, ശ്രീ. അബ്ദുൾ ലത്തീഫ് എന്നിവർ സ്വീകരിച്ചിട്ടില്ല. ഇവരുടെ ഒപ്പുകൾ പ്രകാരമാണ് പ്രവീൺകുമാർ തുകകൾ മാറിയെടുത്തത്. റീജിണൽ പ്രോജക്ട് ഡയറക്ടർമാരായിരുന്ന ശ്രീ.നരേന്ദ്ര ദേവ്, ശ്രീ.അബ്ദുൾ ലത്തീഫ് അക്കൗണ്ടന്റായ ശ്രീ. സി ജയചന്ദ്രൻ എന്നിവർക്കെതിരെ ഭരണ വകുപ്പ് ഈ വീഴ്ചകൾക്ക് കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കരാർ അടിസ്ഥാനത്തിൽ നിയമിതനായ ഒരു അക്കൗണ്ടിന് അക്കൗണ്ട്സ് ഓഫീസറുടെയും റീജിണൽ പ്രോജക്ട് ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടാതെ ദീർഘകാലമായി കോടി കണക്കിന് രൂപ അപഹരിക്കാൻ സാധിച്ചുവെന്നത് സാമാന്യ ബുദ്ധിക്ക് നിരക്കാത്തതാണ്.ആയതിനാൽ പണാപഹരണം നടന്ന കാലഘട്ടത്തിലെ റീജിണൽ പ്രോജക്ട് ഡയറക്ടർമാരായിരുന്ന ശ്രീ.നരേന്ദ്ര ദേവ്, ശ്രീ.അബ്ദുൾ ലത്തീഫ് അക്കൗണ്ടന്റായ ശ്രീ. സി ജയചന്ദ്രൻ എന്നിവരെയും സി.ബി.ഐ അല്ലെങ്കിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. പതിനൊന്ന് ഡിമാന്റ് ഡ്രാഫ്റ്റുകൾ മുഖാന്തിരം 17768720 രൂപയും 15 RTGS ട്രാൻസ്ഫറുകൾ മുഖാന്തിരം 43632929 രൂപയും അപഹരിച്ചിട്ടും എക്സിക്യൂട്ടീവ് ഡയറക്ടറുടെ കാര്യാലയത്തിൽ നടത്തിയ ഓഡിറ്റുകളിൽ ഒന്നും അപഹരണം നടന്ന ഒരു കേസ്സ് പോലും കണ്ടെത്താനായിട്ടില്ലായെന്നത് അത്യന്തം ഗൗവരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.പ്രസ്തുത

ഓഡിറ്റുകളിൽ സംബന്ധിച്ച വൗച്ചറുകൾ പരിശോധിച്ച് ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ലഭ്യമായ ഏതാനും രേഖകൾ പരിശോധിച്ചതിൽ നിന്നും ജലനിധി പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും വ്യാപകമായ ധനാപഹരണം നടന്നതായി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒന്നാം ഘട്ടത്തിലെ ക്യാഷ് ബുക്ക്, ചെക്ക് മെമ്മോ രജിസ്റ്റർ, ബാങ്ക് പാസ്സ് ബുക്കുകൾ എന്നിവ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ മറ്റ് മറുപടികൾ ഒന്നും പരിശോധനാ വിഭാഗത്തിന് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ജലനിധി ഒന്നാം ഘട്ടം സമഗ്രമായ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള അടിയന്തിര നിർദ്ദേശം ഭരണ വകുപ്പ് നൽകേണ്ടതാണ്.

6. ജലനിധി പ്രോജക്റ്റിൽ ഇനി ഇത്തരത്തിൽ ഒരു ക്രമക്കേട് ആവർത്തിക്കാതിരിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ ഭരണവകുപ്പ് നടത്തേണ്ടതാണ്. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു ഇൻറ്റേണൽ ഓഡിറ്റ് ടീം ജലനിധിയുടെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, റീജിയണൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ എന്നിവിടങ്ങളിൽ വാർഷിക പരിശോധന നടത്തുന്നതിന് ഭരണവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

18.11.17

20/12/17 (JS)

22/12/17 AS(W)

-81-

# GOVERNMENT OF KERALA

No. B2/205/18/WRD

Water Resources (WS-B)Department
Thiruvananthapuram,Dated, 18.02.2020

From

The Secretary to Government.

To

The Accountant General (A&E)
Kerala, Thiruvananthapuram

Sr. Acct
5/03/2020

Sir,

Sub: Water Resources Department – Jalanidhi-KRWSA-Inspection conducted in the RMPU, Malappuram by the Finance Inspection wing-irregularities-Misappropriation of fund-Departmental Disciplinary action against Sri.C.Jayachandran, Accounts Officer-reg.

Ref : 1. D.O letter No.709/AC3/2017/KRWSA dated 23/09/2017 from the Exe.Director, Jalanidhi, Thiruvananthapuram (Copy enclosed)
2. Report of Inspection dated 22/12/2017 submitted by the Finance (Inspection Wing) Department (Copy enclosed).

Forwarding herewith the copies of the references, I am to inform you the following;

The Finance Inspection Wing (Finance Department) conducted a comprehensive inspection in the Regional Project Management Unit, Malappuram of KRWSA, during November, December 2017 and submitted report. The main findings in the inspection are the following;

i. It was due to the shortcoming of the existing Direct Payment System that paved way for Sri.Praveen Kumar, Accountant for embezzling an amount of Rs.6,14,00,649/- ~~crores~~ to his own account;

ii. Sri.P R Narendra Dev, the then Regional Project Director (RPD), Sri.Abdul Latheef, the then Regioanl Project Director and



Generated from eOffice by SMITHA DEVI V B, AC2 (RC) KRWSA, AC2 (RC) KRWSA, PMU TVPM on 22/02/2023 12:19 PM

Sri.C.Jayachandran, the then Accounts Officer are equally responsible for their supervisory lapse in the embezzlement of money;

iii. There are also lapses on the part of Canara Bank in finding out the fraudlent RTG's transaction;

iv. The previous audits conducted in the Regional office, Malappuram by the Audit Team from the office of the Executive Director, Jalanidhi was not effective as they had not even verified the vouchers and they failed to find that the records on finance are not properly maintained;

v. Had the Accounts Officer Sri.Jayachandran and the Regional Projects Directors viz Sri.Abdul Latheef and Sri.Narendra Dev performed their duty by properly verifying and maintaining the accounts, this huge embezzlement of money should have been avoided;.

vi. Despite the fact that it was the duty of the Accounts Officer to maintain the records of finance, he simply did nothing, whereas the contract employee Sri.Praveen Kumar handled all these works. Hence there is gross lapse on the part of the Accounts Officer

2. Government have examined the report in detail and a Crime Branch enquiry in to the issue has been ordered, which is now going on. The Crime Branch has been directed to include the role of the then RPDs and the Accounts Officer in the embezzlement, under the purview of the investigation. The total amount identified as misapproprition comes to Rs.7.56 crore by way of cash/bank transaction, Tax deduction, VAT/VEWWF Remitance, release retention money EMD collection etc.

3. In the mean time Government have inter alia decided to initiate action against the retired Regioanl Project Directors and recommend to the Accountant General for initiating Departmental Disciplinary action against Sri.C.Jayachandran, who was the Accounts Officer in Regional Project Management Unit, Malappuram of KRWSA on deputation (From 30.03.2013



Generated from eOffice by SMITHA DEVI V S, AC2 (RC) KRWSA, AC2 (RC) KRWSA, PMU TVPM on 22/02/2023 12:18 PM

to 24.03.2017) from the Office of the Accountant General, during the period of embezzlement, for major penalty

4. I am therefore to request you to initalate departmental disciplinary action against Sri.C.Jayachandran, Accounts Officer for major penalty for the serious lapse envidenced in the inspection, and intimate the action taken in this regard to Government at the earliest.

Yours faithfully,

Rejikumar. J
Joint Secretary
for Secretary to Government

Copy to:

1. The Executive Director, Jalanidhi, Thiruvananthapuram, (for information)
2. Finance Department (Ref: U.O. Note No.PUC1-185/2017-Fin dated 20.01.2018)



Generated from eOffice by SMITHA DEVI V B, AC2 (RC) KRWSA, AC2 (RC) KRWSA, PMU TVPM on 22/02/2023 12:19 PM

**ഭൂജല വകുപ്പിലെ വിവിധ ഓഫീസുകളിൽ ധനകാര്യ പരിശോധന വിഭാഗം അവസാനമായി പരിശോധന നടത്തിയ തീയതിയും, കണ്ടെത്തിയ ക്രമക്കേടുകളും.**

| ഓഫീസ് | പരിശോധന നടത്തിയ തീയതി | ക്രമക്കേട് |
|---|---|---|
| തിരുവനന്തപുരം ജില്ല ഓഫീസ് | 25/04/2017 | റിപ്പോർട്ട് ധനകാര്യ പരിശോധന വിഭാഗം നൽകിയിട്ടില്ല. |
| കൊല്ലം ജില്ല ഓഫീസ് | 22/10/2021 | റിപ്പോർട്ട് ധനകാര്യ പരിശോധന വിഭാഗം നടത്തിയിട്ടില്ല. |
| ആലപ്പുഴ ജില്ല ഓഫീസ് | 18/02/2017 | റിപ്പോർട്ട് ധനകാര്യ പരിശോധന വിഭാഗം നൽകിയിട്ടില്ല. |
| പത്തനംതിട്ട ജില്ല ഓഫീസ് | 31/05/2016 | അലവൻസ് ഇനത്തിൽ ഡ്രില്ലർ ശ്രീ.സുധേഷ് ന് 6948/- രൂപ അധികമായി നൽകിയതായി കണ്ടെത്തി. പ്രസ്തുത തുക ടി ഉദ്യോഗസ്ഥൻ സർക്കാരിലേക്ക് തിരിച്ചടച്ചു. പത്തനംത്തിട്ട സബ്ട്രഷറി ചെല്ലാൻ നം.5133 തീയതി 25/11/2016 |
| ഇടുക്കി ജില്ല ഓഫീസ് | 28/04/2016 | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| എറണാകുളം ജില്ല ഓഫീസ് | 16/04/2016 | ഭൂജല വകുപ്പ് ഡയറക്ടറുടെ 03/01/2004 ലെ F(3)404/2001 നമ്പർ കത്തിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി CLR വിഭഗം ജീവനക്കാരെ അധികമായി നിയമിച്ചിട്ടുള്ളതായി കണ്ടെത്തി. |
| തൃശ്ശൂർ ജില്ല ഓഫീസ് | 14/10/2022 | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| മലപ്പുറം ജില്ല ഓഫീസ് | 20/04/2016 | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| കോഴിക്കോട് ജില്ല ഓഫീസ് | 28/04/2016 | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| വയനാട് ജില്ല ഓഫീസ് | 27/04/2016 | പരിശോധന റിപ്പോർട്ട് ധനകാര്യ പരിശോധന വിഭാഗം നൽകിയിട്ടില്ല. |

| | | |
|---|---|---|
| കണ്ണൂർ ജില്ല ഓഫീസ് | 21/10/2022 | പരിശോധന റിപ്പോർട്ട് ധനകാര്യ പരിശോധന വിഭാഗം നൽകിയിട്ടില്ല. |
| കായർഗോഡ് ജില്ല ഓഫീസ് | 28/04/2016 | പരിശോധന റിപ്പോർട്ട് ധനകാര്യ പരിശോധന വിഭാഗം നൽകിയിട്ടില്ല. |
| വർക്ഷോപ്പ് & സ്റ്റോർസ് കൊല്ലം | 15/06/2011 | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| തിരുവനന്തപുരം ലാബ് | 25/04/2016 | CLR മാരെ നിയോഗിച്ചതു വഴി ഉണ്ടായ സാമ്പത്തിക ബാധ്യത. DLR മാരായി 4 പേരെ നിയോഗിച്ചത് അനുമതി ലഭിച്ചിട്ടല്ല. |
| എറണാകുളം ലാബ് | | ഇതുവരെ പരിശോധന നടത്തിയിട്ടില്ല. |
| കോഴിക്കോട് ലാബ് | | ഇതുവരെ പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ